പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിനൊന്നാമത് റിപ്പോർട്ട്

(2017 മേയ് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പൊതുപരാമർശങ്ങളും ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയും അടിസ്ഥാനമാക്കിയുള്ളത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിനൊന്നാമത് റിപ്പോർട്ട്

(2017 മേയ് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പൊതുപരാമർശങ്ങളും ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയും അടിസ്ഥാനമാക്കിയുള്ളത്**

779/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 18 |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 23 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2016-2019)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

*ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

*2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പൊതുപരാമർശങ്ങളും ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയുടെയും പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 മേയ് മാസം 9-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2017 മേയ് 15.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## റിപ്പോർട്ട്

**സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പൊതു പരാമർശങ്ങളും ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയും സംബന്ധിച്ച്**

### കോട്ടയം ജില്ല

*ഓഡിറ്റ് ഖണ്ഡിക*

### പാറത്തോട് ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|
| 1998-99 | മരാമത്തു പണികളുടെ നേരിട്ടുള്ള നിർവ്വഹണം | 1,18,868 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.5.4-ന് ശേഷം മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പഞ്ചായത്ത് ഫണ്ട്, സെക്രട്ടറി ദുർവിനിയോഗം ചെയ്യുകയോ പണാപഹരണം നടത്തുകയോ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ലാത്തതിനാലും റോഡ് പ്രവൃത്തി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടതിനാലും സെക്രട്ടറിയ്ക്കെതിരായി നടപടികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചതായി അറിയിച്ചുകൊണ്ടുള്ള സർക്കാർ മറുപടി 21-1-2015-ലെ സമിതി യോഗം പരിശോധിച്ചു. സർക്കാർ തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**2. മുൻ സെക്രട്ടറി പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്യുകയോ പണാപഹരണം നടത്തുകയോ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ലാത്തതിനാലും പരാമർശ റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാലും മേൽ നടപടികൾ എടുക്കേണ്ടതില്ല എന്ന സർക്കാർ തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

*ഓഡിറ്റ് ഖണ്ഡിക*

**കുമരകം ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | പരാമർശം | | തുക |
|---|---|---|---|
| 1998-99 | 1. | പൊതുമരാമത്തു വേലകൾ | 35,109 |
| | 2. | അധിക നിരക്ക് | 10,010 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.5.4-ന് ശേഷം മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. ബി.എൽ.ടി.സി. അംഗീകരിച്ച നിരക്കിനേക്കാൾ അധികം നൽകിയെന്ന ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പരാമർശ വിധേയമായ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ തന്നെയാണ് ചെയ്തതെന്നും ബി.എൽ.ടി.സി. അംഗീകരിച്ച നിരക്കിനേക്കാൾ അധികം നൽകിയെന്ന വിഷയത്തിന്മേൽ, ഗുണഭോക്തൃ സമിതികൾക്ക് കത്ത് നൽകിയപ്പോൾ അവർ അധിക നിരക്ക് എടുത്തിട്ടില്ലായെന്നും എല്ലാ പ്രവൃത്തികളും ചെയ്തിട്ടുണ്ടെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി ആയത് പരിശോധിക്കുകയും മനഃപൂർവ്വമായ യാതൊരു വീഴ്ചയും ഗുണഭോക്തൃ സമിതികളിൽ നിന്നും ഉണ്ടായിട്ടില്ലെന്നും സാങ്കേതിക പ്രശ്നം മാത്രമാണുള്ളതെന്നും ഗുണഭോക്തൃ സമിതികൾക്കെതിരെ നടപടികൾ സ്വീകരിക്കരുതെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എന്നാൽ 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് 2008-ൽ മാത്രമാണ് നടപടി സ്വീകരിച്ചു തുടങ്ങിയതെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഇപ്രകാരം കാലതാമസം വരുത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞു. ബി.എൽ.ടി.സി. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള മണ്ണ് ഫില്ലിംഗ് പ്രവൃത്തിയായിരുന്നുവെന്നും വളരെ ദൂരെ നിന്നാണ് മണ്ണ് കൊണ്ടുവന്നിരുന്നതെന്നും ഇതിൽ ഇനീഷ്യൽ ലീഡ് ആന്റ് ലിഫ്റ്റ് മാത്രമാണ് ഓഡിറ്റ് അനുവദിച്ചതെന്നും ആക്ചൽ ലീഡ് ആൻറ് ലിഫ്റ്റ് ആണ് എസ്റ്റിമേറ്റിൽ അംഗീകരിച്ചതെന്നും ഇപ്രകാരമൊരു വ്യത്യാസമാണ് വന്നിട്ടുള്ളതെന്നും ഗുണഭോക്തൃ സമിതിയുടെ ഭാഗത്തു നിന്നും വന്ന തകരാറായിരുന്നില്ല ഇതെന്നും ഈ വസ്തുതകൾ കൂടി

പരിഗണിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് അഭിപ്രായപ്പെട്ടു. പഞ്ചായത്ത് കമ്മിറ്റി തീരുമാനവും മറ്റ് അനുബന്ധ രേഖകളും അപേക്ഷയും ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്നും ഓഡിറ്റ് വകുപ്പ് നിരാകരിക്കുന്നപക്ഷം വീണ്ടും ഈ വിഷയം സമിതി പരിഗണിക്കുന്നതാണെന്നും തീരുമാനിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

4. പരാമർശിച്ചിരിക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ ബി.എൽ.ടി.സി. അംഗീകരിച്ച എസ്റ്റിമേറ്റ് അനുസരിച്ചാണ് നടന്നത്. ഗുണഭോക്തൃ സമിതികൾ നൽകിയ എസ്റ്റിമേറ്റിൻ പ്രകാരം അവർ തൃപ്തികരമായി പ്രവൃത്തി പൂർത്തിയാക്കുകയും അളവ് രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് നടത്തി ബില്ല് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക കൈപ്പറ്റുകയും ചെയ്തവരാണ്. എസ്റ്റിമേറ്റ് അനുസരിച്ച് ഉള്ളതിനേക്കാൾ കൂടുതൽ ജോലി പല ഗുണഭോക്തൃ സമിതികളും ചെയ്തിട്ടുള്ളതിനാലും പ്രവൃത്തികളുടെ ഗുണഭോക്തൃ സമിതികൾ പിരിച്ചുവിട്ടതിനാലും ധനവിനിമയം കഴിഞ്ഞ് 17 വർഷങ്ങളാകയാലും തുകകൾ തിരികെ ഈടാക്കുന്നതിന് നിയമ തടസ്സമുണ്ടെന്നും മേൽ പ്രവൃത്തികൾ ചെയ്തതുമൂലം പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലാത്തതുമാണെന്നുമുള്ള ഭരണ സമിതിയുടെ അഭ്യർത്ഥന (തീരുമാന നമ്പർ V(1)/15-1-2015) പരിഗണിക്കുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ആയത് പരിശോധിച്ച് ബോധ്യപ്പെട്ട് അനുകൂല ശിപാർശ നൽകിയിട്ടുള്ളതുമാണ്.

സമിതി നിർദ്ദേശത്തിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

5. പ്രാദേശിക പരിശോധന നടത്തി. പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ ബി.എൽ.ടി.സി. അംഗീകരിച്ച എസ്റ്റിമേറ്റ് അനുസരിച്ചാണ് നടന്നത്. എന്നാൽ ഓഡിറ്റ് വേളയിൽ, 2.1 സ്ത്രീ കൂലിക്ക് തുല്യമായ ഒരു ലീഡും ലിഫ്റ്റും കുറവു ചെയ്താണ് മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് നിരക്ക് നിശ്ചയിച്ചത്. അതുപ്രകാരം തുക നിരാകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചുവെന്ന് ഭരണസമിതി ഉറപ്പാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണഭോക്തൃ സമിതികൾ പിരിച്ചുവിട്ടതിനാലും അവയുടെ 3 കൺവീനർമാർ മരണപ്പെട്ടതിനാലും ധനവിനിമയം കഴിഞ്ഞ് 17 വർഷങ്ങളാകയാലും തുകകൾ തിരികെ ഈടാക്കുന്നതിന് നിയമതടസ്സമുണ്ടെന്നും അതിനാൽ ഒഴിവാക്കണമെന്നുമുള്ള ഭരണസമിതിയുടെ അഭ്യർത്ഥന (തീരുമാന നമ്പർ V(1)/15-1-2015) പരിഗണിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

### നിഗമനങ്ങൾ/ശിപാർശകൾ

**6. പ്രസ്തുത പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്തിന് ഇതുമൂലം നഷ്ടമുണ്ടായിട്ടില്ല എന്നുമുള്ള ഭരണസമിതിയുടെ ഉറപ്പിന്മേലും പ്രവൃത്തികളുടെ ഗുണഭോക്തൃ സമിതികൾ പിരിച്ചുവിട്ടതിനാലും 3 കൺവീനർമാർ മരണപ്പെട്ടതിനാലും ധനവിനിമയം കഴിഞ്ഞ് 17 വർഷങ്ങളാകയാലും തുക തിരികെ ഈടാക്കാൻ നിയമതടസ്സമുണ്ടെന്നും അതിനാൽ തടസ്സം ഒഴിവാക്കണമെന്ന ഭരണസമിതിയുടെ അഭ്യർത്ഥന അംഗീകരിക്കാമെന്നും പരാമർശിത റോഡ് നിർമ്മാണ പ്രവൃത്തികൾ ബി.എൽ.ടി.സി. അംഗീകരിച്ച എസ്റ്റിമേറ്റ് അനുസരിച്ചാണ് നടന്നതെന്നും പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ ഇടർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

*ഓഡിറ്റ് ഖണ്ഡിക*

**അകലക്കുന്നം ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|
| 2000-01 | ഗുണഭോക്തൃവിഹിതമായി പഞ്ചായത്ത് ഫണ്ടിൽ അടച്ച തുക ടി.സി. ചെയ്യാതെ കാറ്റഗറി ബി. ഫണ്ട് വകമാറ്റി ചെലവഴിച്ചു. | 77,500 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.5.4-ന് ശേഷം മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. 2000-01 വർഷത്തിൽ പഞ്ചായത്ത് ഫണ്ടിൽ ഗുണഭോക്തൃ വിഹിതമായി അടച്ച തുക ടി.സി. ചെയ്യാതെ കാറ്റഗറി ബി ഫണ്ട് വകമാറ്റി ചെലവഴിച്ചു എന്ന ഓഡിറ്റ് തടസ്സത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന്, പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന ഗുണഭോക്തൃവിഹിതം ഓഡിറ്റ് നടന്നതിന്റെ അടുത്ത മാസം തന്നെ പ്ലാൻഫണ്ടിലേക്ക് വക മാറ്റിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും അപാകത പരിഹരിച്ചിട്ടുണ്ടെന്ന

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ തടസ്സം നീക്കാൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**8. പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന ഗുണഭോക്തൃ വിഹിതം പ്ലാൻ ഫണ്ടിലേക്ക് വകമാറ്റിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് വകുപ്പിനെ ബോധിപ്പിച്ചതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

*ഓഡിറ്റ് ഖണ്ഡിക*

**തിടനാട് ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|
| 1999-2000 | 1. നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് നൽകിയ അഡ്വാൻസ് | 50,000 |
| | 2. മരാമത്ത് പണികൾ - അനുവദനീയമായതിൽ കൂടുതൽ മെറ്റീരിയൽസ് ഉപയോഗിക്കൽ | 10,369 |
| | 3. വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി - പ്രോജക്ടിനു വിരുദ്ധമായി നൽകിയത് | 24,000 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.5.4-ന് ശേഷം മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് അഡ്വാൻസ് നൽകിയതു സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, 1999-2000 വർഷത്തിൽ നടന്ന മാടമല കുടിവെള്ള പദ്ധതിയ്ക്കായി അൻപതിനായിരം രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരുന്നതിൽ ഗുണഭോക്തൃ സമിതി കുളവും ടാങ്കും പമ്പ് ഹൗസും നിർമ്മിച്ചുവെന്നും എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തിയിട്ടില്ലെന്നും ഗുണഭോക്തൃ സമിതി കൺവീനറും ചെയർമാനും ഇലക്ഷന് മത്സരിക്കുന്നതിലേക്കായി മാറിപ്പോവുകയാണുണ്ടായതെന്നും 2010-11-ൽ പദ്ധതി പൂർണ്ണമായും നടപ്പാക്കിയെന്നും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും

തിടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എന്നാൽ കുഴൽ കിണറിന്റെയും പമ്പ് ഹൗസിന്റെയും അളവു രേഖകൾ നൽകുവാൻ എഞ്ചിനീയർ വിസമ്മതിച്ചതുമൂലം പ്രവൃത്തി നടന്നതായി കണക്കാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്ന് വിലയിരുത്തിയ സമിതി അഡ്വാൻസ് നൽകിയ തുക ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി ആരായുകയുണ്ടായി. കുഴൽ കിണറും പമ്പ് ഹൗസും നിർമ്മിച്ച ശേഷം ബാക്കി തുക ഉപയോഗിച്ച് പൈപ്പുകളും ടാപ്പുകളും മോട്ടോറും സ്ഥാപിച്ചിട്ടുണ്ടെന്നും ആദ്യം നടന്ന പ്രവൃത്തിയുടെ വാല്യുവേഷൻ എടുക്കാൻ എഞ്ചിനീയർ വിസമ്മതിച്ചുവെന്നും ഇപ്പോൾ പദ്ധതി പ്രവർത്തന ക്ഷമമാണെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് മറുപടി നൽകി. തുടർന്ന് സമിതി, 2000-ൽ നടന്ന പ്രവൃത്തിയിലെ അപാകതകൾ പരിഹരിക്കുന്നതിൽ വന്ന വീഴ്ച സംബന്ധിച്ചും പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ചും വാല്യുവേഷൻ നടത്തുന്നതിലെ തടസ്സം സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടതിന്, പുതുതായി വന്ന ഭരണസമിതിയ്ക്ക് വാല്യുവേഷൻ എടുക്കുന്നതിൽ ബുദ്ധിമുട്ടുണ്ടെന്നാണ് എ.ഇ. അറിയിച്ചതെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് ബോധിപ്പിച്ചു. മുൻപ് ചെയ്ത പ്രവൃത്തിയുടെ കണക്ക് എടുക്കാതെ രണ്ടാമത് പ്രവൃത്തി തുടങ്ങിയതിന്റെ സാധുതയെ ചോദ്യം ചെയ്ത സമിതി ആദ്യം ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള പോംവഴി ആരായുകയുണ്ടായി. രണ്ടു പ്രവൃത്തികളുടെയും ബില്ലുകളും ഫയലുകളും എടുത്ത് അതിൽ നിന്ന് ആദ്യം ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താൻ നിലവിലെ എഞ്ചിനീയർക്ക് നിർദ്ദേശം നൽകാമെന്നും മെഷർമെന്റ് എടുക്കാൻ പ്രായോഗികബുദ്ധിമുട്ടുണ്ടെങ്കിലും മൂല്യനിർണ്ണയം നടത്താൻ സാധിക്കുമെന്നും ആയത് വാങ്ങി സമിതി മുമ്പാകെ ഹാജരാക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് ഉറപ്പ് നൽകി. പ്രവൃത്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്താൻ വിസമ്മതിച്ച എഞ്ചിനീയറുടെ നടപടി ഉചിതമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശവിധേയമായിട്ടും ആയതിന് പ്രാമുഖ്യം നൽകാത്തത് ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ കൃത്യവിലോപമാണെന്ന് നിരീക്ഷിച്ചു. മൂല്യനിർണ്ണയം നടത്താതെ അൻപത്തിയേഴായിരം രൂപയുടെ നിർമ്മാണ പ്രവൃത്തി നടന്നു എന്ന് വാദിക്കുന്നത് അംഗീകരിക്കത്തക്കതല്ലെന്നും, നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിൽ ആയത് സാധൂകരിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുവാനും എഞ്ചിനീയർ സ്ഥലം പരിശോധിച്ച് മൂല്യനിർണ്ണയ റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിച്ചു.

10. മരാമത്ത് പണികൾ-അനുവദനീയമായതിൽ കൂടുതൽ മെറ്റീരിയൽസ് ഉപയോഗിക്കൽ ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് ബിറ്റുമിൻ വാങ്ങിയതുമായി ബന്ധപ്പെട്ട വിഷയമാണെന്നും മൂന്ന് ബില്ലുകളായി കൂട്ടിയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും എഞ്ചിനീയർ മരണപ്പെട്ടതിനാൽ ഈ വിഷയത്തിന്മേൽ വിശദീകരണം വാങ്ങാൻ സാധിച്ചിട്ടില്ലെന്നും പ്രവൃത്തി ബോധ്യപ്പെട്ട

തിനാലാണ് എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുമതി നൽകിയതെന്നും പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്നും സെക്രട്ടറി അഭ്യർത്ഥിക്കുകകയുണ്ടായി. ഇക്കാര്യത്തിൽ എഞ്ചിനീയർ വിശദീകരണം നൽകാത്തതെന്തെന്ന സമിതിയുടെ ചോദ്യത്തിന്, ടാറിന് എസ്റ്റിമേറ്റിൽ കാണുന്നതിനേക്കാൾ വില നൽകേണ്ടി വരുമെന്നും മൂന്ന് പ്രവർത്തികൾക്ക് ടാർ വാങ്ങിയതിനാലാണ് അധിക ചെലവ് വന്നതെന്നും പ്രവൃത്തി തൃപ്തികരമായിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് മറുപടി നൽകി. എസ്റ്റിമേറ്റിനെക്കാൾ തുക ചെലവഴിച്ചതിന് പ്രവൃത്തി തൃപ്തികരമായിരുന്നുവെന്ന് പറയുന്ന ന്യായീകരണം അംഗീകരിക്കാനാവില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, എസ്റ്റിമേറ്റ് പുതുക്കാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കണമെന്നും അധികമായി ചെലവഴിച്ച തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. ടാറിന് അധികം തുക ഇപ്പോൾ നൽകുന്നുണ്ടെന്നും പരാമർശകാലത്ത് അതിനുള്ള സംവിധാനമില്ലായിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. അധിക തുക കൃത്യമായി കണക്കാക്കി നിലവിലെ എഞ്ചിനീയറിൽ നിന്ന് റിപ്പോർട്ട് വാങ്ങി നൽകിയ അധിക തുക ബില്ലിനനുസരിച്ചാണെങ്കിൽ അത് അംഗീകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് ബോധ്യപ്പെടുത്തി. പ്രസ്തുത വസ്തുതകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

11. വനിതാ സ്വയംസഹായ സംഘങ്ങൾക്ക് സബ്സിഡി-പ്രോജക്ടിനു വിരുദ്ധമായി നൽകിയത് സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സമിതി നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ അധികവിവരം ചുവടെ ചേർക്കുന്നു:

12. 2010-11-ൽ കമ്മീഷൻ ചെയ്ത പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണ്. മുൻകൂർ തുക ദുർവിനിയോഗം ചെയ്തിട്ടില്ലായെന്ന് ഉറപ്പുള്ളതായും ഭരണസമിതി അറിയിച്ചിട്ടുള്ളതാണ്. ഭരണസമിതിയും കൺവീനറും മാറിയതുമൂലം സംഭവിച്ച അപാകതകളും കാലതാമസവും മാപ്പാക്കണമെന്നുള്ള ഭരണസമിതിയുടെ അപേക്ഷ [തീരുമാന നമ്പർ 7(4) തീയതി 16-8-2011] പരിഗണിക്കുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ആയത് പരിശോധിച്ച് ബോധ്യപ്പെട്ട് അനുകൂല ശിപാർശ നൽകിയിട്ടുള്ളതുമാണ്.

13. പ്രവൃത്തി പൂർത്തീകരിച്ചത് ഭരണസമിതിയ്ക്ക് ബോധ്യമായിട്ടുണ്ട്. ബിറ്റുമിന്റെ ബില്ലുകൾ പൂർണ്ണമായും ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. ടി കാലയളവിലെ എഞ്ചിനീയർ മരണപ്പെട്ടതിനാൽ വിശദീകരണം തേടാൻ സാധിക്കാത്തതും റ്റി.എസ്.നുള്ളിൽ നിന്നാണ് ബിൽ പാസ്സാക്കിയത് എന്നതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതാണെന്നും

അധികൃതർ അറിയിച്ചിട്ടുള്ളതാണ്. ഭരണ സമിതിയുടെ അപേക്ഷ [തീരുമാന നമ്പർ 7(4) തീയതി 16-8-2011] പരിഗണിക്കുകയും ലോക്കൽ ഫണ്ട് വിഭാഗം പരിശോധിച്ച് ബോധ്യപ്പെട്ട് അനുകൂല ശിപാർശ നൽകിയിട്ടുള്ളതുമാണ്.

ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

14. 2010-11-ൽ കമ്മീഷൻ ചെയ്ത പ്രസ്തുത പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണ്. മുൻകൂർ തുക ദുർവിനിയോഗം ചെയ്തിട്ടില്ലായെന്ന് ഉറപ്പുള്ളതായും ഭരണ സമിതി അറിയിച്ചിട്ടുണ്ട്. ഭരണസമിതിയും കൺവീനറും മാറിയതു മൂലം സംഭവിച്ച അപാകതകളും കാലതാമസവും മാപ്പാക്കണമെന്ന ഭരണസമിതിയുടെ അപേക്ഷ [തീരുമാന നമ്പർ 7(4)/1 6-8-2015] പരിഗണിച്ച് അനുകൂല ശിപാർശ നല്കാവുന്നതാണ്.

15. പ്രവൃത്തി പൂർത്തീകരിച്ചത് ഭരണസമിതിക്ക് ബോധ്യമായതായി വിവരം അറിയിച്ചിട്ടുണ്ട്. ബിറ്റുമിന്റെ ബില്ലുകൾ പൂർണ്ണമായി ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. ടി കാലയളവിലെ എഞ്ചിനീയർ മരണപ്പെട്ടതിനാൽ വിശദീകരണം തേടാൻ സാധിച്ചില്ലായെന്നും റ്റി.എസ്സി.നുള്ളിൽ നിന്നാണ് ബിൽ പാസ്സാക്കിയത് എന്നതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലായെന്നും അധികൃതർ വിശദീകരിക്കുന്നു. ഭരണ സമിതിയുടെ അപേക്ഷ [തീരുമാന നമ്പർ 7(4)4/16-8-2011] പരിഗണിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

## നിഗമനങ്ങൾ/ശിപാർശകൾ

**16. നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് നൽകിയ അഡ്വാൻസ് എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 2010-11-ൽ പൂർണ്ണമായും നടപ്പിലാക്കിയ പദ്ധതിയുടെ മൂല്യനിർണ്ണയം നടത്തി അളവു പുസ്തകത്തിൽ രേഖപ്പെടുത്താത്തതാണ് പ്രസ്തുത പരാമർശത്തിനിടയാക്കിയതെന്നും ഇതിനു കാരണം പ്രവൃത്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തുവാൻ എഞ്ചിനീയർ വിസമ്മതിച്ചതിനാലാണെന്നും ഓഡിറ്റ് പരാമർശ വിധേയമായിട്ടും ആയതിന് പ്രാമുഖ്യം നൽകാത്ത പ്രസ്തുത ഉദ്യോഗസ്ഥന്റെ നടപടി ഗുരുതരമായ കൃത്യവിലോപമാണെന്നും സമിതി നിരീക്ഷിക്കുന്നു. ഉത്തരവാദിയായ മേൽ ഉദ്യോഗസ്ഥനിൽ നിന്നും ഇത് സംബന്ധിച്ച വിശദീകരണം ആരായണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**17. 2010-11-ൽ കമ്മീഷൻ ചെയ്ത പ്രസ്തുത പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാലും ധനദുർവിനിയോഗം നടന്നിട്ടില്ലെന്നും ഭരണസമിതിയും കൺവീനറും മാറിയതുമൂലം സംഭവിച്ച അപാകതകളും കാലതാമസവും മാപ്പാക്കണമെന്നുള്ള ഭരണസമിതിയുടെ**

അപേക്ഷ പരിഗണിച്ച് അനുകൂല ശിപാർശ നൽകാമെന്നുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

18. മരാമത്ത് പണികൾ-അനുവദനീയമായതിൽ കൂടുതൽ മെറ്റീരിയൽസ് ഉപയോഗിക്കൽ എന്ന ഓഡിറ്റ് പരാമർശവിധേയമായ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബിറ്റുമിന്റെ ബില്ലുകൾ പൂർണ്ണമായി ഫയലിൽ ഉൾപ്പെടുത്താതിരുന്നത് സംബന്ധിച്ച വിശദീകരണം എഞ്ചിനീയർ മരണപ്പെട്ടതിനാൽ തേടാനായില്ല എന്നും ആയതു മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല എന്നും കണക്കിലെടുത്തും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

19. പ്രോജക്ടിനു വിരുദ്ധമായി വനിതാ സ്വയംസഹായ സംഘങ്ങൾക്ക് സബ്സിഡി നൽകി എന്ന ഓഡിറ്റ് പരാമർശം, പദ്ധതിയുടെ ആരംഭകാലത്തെ പരിശീലന പോരായ്മകളും ആസൂത്രണ പിഴവും കാരണമാണ് പദ്ധതിക്ക് വിരുദ്ധമായി സബ്സിഡി നൽകേണ്ടിവന്നതെന്നും, പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചെങ്കിലും നിലവിൽ ടി സംഘങ്ങൾ മികവുറ്റ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും അവയുടെ സ്വയംപര്യാപ്തതയും ധനാഗമന മാർഗ്ഗങ്ങളും വർദ്ധിച്ചിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

*ഓഡിറ്റ് ഖണ്ഡിക*

**ഞീഴൂർ ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | | പരാമർശം | തുക |
|---|---|---|---|
| 2000-01 | 1. | മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തിയുടെ മൂല്യത്തിലധികമായി കൺവീനർക്ക് നൽകിയ തുക (13167+17854+5465+16090+4277) | 56,853 |
| | 2. | ചട്ട വിരുദ്ധമായി അപ്രന്റീസ് എഞ്ചിനീയർക്ക് നൽകിയ വേതനം | 26,880 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.5.4 -ന് ശേഷം മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

20. മരാമത്ത് പ്രവൃത്തികൾ-പ്രവൃത്തിയുടെ മൂല്യത്തിലധികമായി കൺവീനർക്ക് നൽകിയ തുക സംബന്ധിച്ച ഓഡിറ്റ് തടസ്സത്തിന്മേൽ സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് പരമാർശവിധേയമായ 5 പ്രവൃത്തികളിൽ 4 എണ്ണത്തിന് എസ്റ്റിമേറ്റ് തുകയേക്കാൾ 40,763 രൂപ കൂടുതൽ നൽകിയിരുന്നുവെന്നും എസ്റ്റിമേറ്റ് പുതുക്കി ബി.എൽ.ടി.സി.യുടെ അംഗീകാരം വാങ്ങുവാൻ സാധിച്ചിട്ടില്ലെന്നും അപ്രകാരം ചെയ്തിരുന്നുവെങ്കിൽ ഇത്തരത്തിൽ ഓഡിറ്റ് തടസ്സം ഉണ്ടാകില്ലായിരുന്നുവെന്നും ഗുണഭോക്തൃസമിതി നേരിട്ട് ചെയ്ത പ്രവൃത്തിയാണെന്നും ഞീഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഈ വിഷയം സംബന്ധിച്ച് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുത്തിട്ടുണ്ടെന്നും ബി.എൽ.ടി.സി.യുടെ അംഗീകാരം വാങ്ങിയിരുന്നില്ല എന്ന സാങ്കേതിക തടസ്സം മാത്രമേയുണ്ടായിരുന്നുള്ളൂവെന്നും ഞീഴൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

21. ചട്ടവിരുദ്ധമായി അപ്രന്റീസ് എഞ്ചിനീയർക്ക് വേതനം നൽകിയത് സംബന്ധിച്ച ഓഡിറ്റ് തടസ്സത്തിന് അപ്രന്റീസ് എഞ്ചിനീയറുടെ സേവനം തൃപ്തികരമാണെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യമായതിനാലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഭാവം നിമിത്തമാണ് പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ടിയാളുടെ സേവനം തുടർന്നും പ്രയോജനപ്പെടുത്തിയതെന്ന ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി തൃപ്തികരമായതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**22. മരാമത്ത് പ്രവൃത്തിയുടെ മൂല്യത്തിലധികമായി കൺവീനർക്ക് തുക നൽകി എന്ന ഓഡിറ്റ് പരാമർശ വിധേയമായ അഞ്ച് പ്രവൃത്തികൾ മുഖേന പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലെന്നും, ചില സാങ്കേതിക കാരണങ്ങളാലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങാൻ സാധിയ്ക്കാത്തതെന്നും ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുത്തിട്ടുണ്ടെന്നും ബി.എൽ.ടി.സി.യുടെ അംഗീകാരം വാങ്ങിയിരുന്നില്ല എന്ന സാങ്കേതിക തടസ്സം മാത്രമേ ഉള്ളൂ എന്നുമുള്ള ഞീഴൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**23. ചട്ട വിരുദ്ധമായി അപ്രന്റീസ് എഞ്ചിനീയർക്ക് വേതനം നൽകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തിന്മേൽ, എഞ്ചിനീയറുടെ സേവനം തൃപ്തികരമാണ് എന്ന് പഞ്ചായത്ത് സമിതിക്ക് ബോധ്യപ്പെട്ടതിനാലാണ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഭാവത്തിൽ ടിയാളുടെ സേവനം പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി പ്രയോജനപ്പെടുത്തിയതെന്നുള്ള പഞ്ചായത്ത് മുൻ സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമായതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ തുടർ റിപ്പോർട്ട് പരിഗണിച്ചും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

*ഓഡിറ്റ് ഖണ്ഡിക*

**തലനാട് ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | പരാമർശം | | തുക |
|---|---|---|---|
| 1999-2000 | 1. | ശമ്പള പരിഷ്കരണ കുടിശ്ശിക (ഒരേ കാലയളവിലേത്) രണ്ടു തവണ പിൻവലിച്ചു | 11,924 |
| | 2. | എഞ്ചിനീയറിംഗ് ഫീ അധികം നൽകിയത് | 11,814 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.5.4-ന് ശേഷം മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. (1) ശമ്പള പരിഷ്കരണ കുടിശ്ശിക (ഒരേ കാലയളവിലേക്ക്) 2 തവണ പിൻവലിച്ചു പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

25. (2) എഞ്ചിനീയർക്ക് ഫീസ് അധികം നൽകിയത്.

പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**26. ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ അധികമായി കൈപ്പറ്റിയ ₹ 11,924 പലിശയടക്കം ₹ 12,520 മുൻ സെക്രട്ടറിയിൽ നിന്നും RR നടപടികളിലൂടെ ഈടാക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**27. മരാമത്ത് പ്രവൃത്തികളുടെ എഞ്ചിനീയറിംഗ് ഫീസിനത്തിൽ നൽകിയ അധിക തുകയായ ₹ 11,814 പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

*ഓഡിറ്റ് ഖണ്ഡിക*

**തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|
| 1999-2000 | (1) എർത്ത് ഫില്ലിംഗിന് അധിക നിരക്ക് നൽകിയത് | 10,554 |
| | (2) കർഷകർക്ക് വളം വിതരണം - അധിക സബ്സിഡി | 15,608 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.5.4-ന് ശേഷം മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. എർത്ത് ഫില്ലിംഗിന് അധിക നിരക്ക് നൽകിയത് സംബന്ധിച്ച ഓഡിറ്റ് തടസ്സത്തിന് വിശദീകരണമായി, മെഷർമെന്റ് എടുത്തതിനേക്കാൾ കൂടുതൽ എർത്ത് യഥാർത്ഥത്തിൽ ഫിൽ ചെയ്തിട്ടുണ്ടെന്നും മെഷർമെന്റ് ബുക്കിൽ 1158$m^3$ എന്നും ഫീൽഡ് ലെവൽ ബുക്കിൽ 1300$m^3$ എന്നും മാത്രമാണ് രേഖപ്പെടുത്തിയിരുന്നതെന്നും 1300$m^3$-ന്റെ 10% കുറച്ചാലും 1170$m^3$-ന്റെ എർത്ത് ഫില്ലിംഗ് നടന്നിട്ടുണ്ടെന്നും ബോധ്യപ്പെട്ടുവെന്നും ഇപ്രകാരം ഷ്രിങ്കേജ് കുറഞ്ഞാൽപ്പോലും യഥാർത്ഥ മൂല്യത്തിന് അനുസരിച്ചുള്ള എർത്ത് ഫില്ലിംഗ് നടന്നിട്ടുണ്ടെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്നും തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എന്നാൽ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസത്തെക്കുറിച്ച് ചൂണ്ടിക്കാട്ടിയ സമിതി, എർത്ത് ഫില്ലിംഗ് പ്രവൃത്തിക്ക് അധികരിച്ച് നൽകിയ തുകയായ ₹ 10,554 ഈടാക്കുന്നതിലേക്കായി കേവലം നോട്ടീസ് മാത്രം നൽകിയ നടപടി പര്യാപ്തമല്ലെന്ന് വിലയിരുത്തി. ആവശ്യമായ കുറവുകൾ വരുത്താതെ ബിൽ മാറിയെടുത്ത പ്രസ്തുത കാലയളവിലെ സെക്രട്ടറിയും നഷ്ടത്തിനുത്തരവാദിയാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

29. എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ പ്രവൃത്തി ഗുണഭോക്തൃ സമിതി ചെയ്തിട്ടുണ്ടെന്നും, അത് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ബില്ലിൽ വന്ന മെഷർമെന്റിൽ ഷ്രിങ്കേജ് കണക്ക് കൂട്ടിയിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ ഇൻ-ചാർജ്

ബോധിപ്പിച്ചതിന് എം. ബുക്കിൽ എർത്ത് ഫിൽ ചെയ്തിട്ടുള്ളതിന്റെ 10% കുറച്ചാണ് ബില്ലെങ്കിൽ ഈ വിഷയം ഓഡിറ്റ് പരിശോധിച്ച് ഒഴിവാക്കാവുന്നതാണെന്നും എം. ബുക്കാണ് ആധികാരിക രേഖയെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ഈ വിഷയം ബോധ്യപ്പെടുത്തുന്ന പക്ഷം തടസ്സം നീക്കുന്ന കാര്യം പരിഗണിക്കാമെന്ന് സമിതി വ്യക്തമാക്കി.

30. കർഷകർക്ക് വളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ 50% സബ്സിഡി ഉണ്ടായിരുന്ന സമയത്ത് ബി.എൽ.ടി.സി. അംഗീകരിച്ച 75% നിരക്കിൽ സബ്സിഡി നൽകിയതിന്റെ സാഹചര്യം സമിതി വിശദീകരിക്കാൻ ആവശ്യപ്പെട്ടതിന് 1999-2000 വരെ കൃഷി വകുപ്പ് സ്കീമിൽ 100% സബ്സിഡിയാണ് നൽകി വന്നിരുന്നതെന്നും അത് 50% ആക്കി കുറച്ചാൽ കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കിയാണ് 75% നൽകിയതെന്നും തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. അധികനിരക്ക് നൽകിയതിന്മേൽ സർക്കാർ സാധൂകരണം തേടാത്തതു സംബന്ധിച്ചും ക്രമപ്രകാരമല്ലാതെ അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാത്തതു സംബന്ധിച്ചും അതാതു വർഷത്തെ സർക്കാർ മാർഗ്ഗരേഖ അനുസരിച്ച് പ്രവൃത്തിക്കാത്തതു സംബന്ധിച്ചുമുള്ള കൂടുതൽ വിവരങ്ങൾ സമിതി തേടിയതിന്, സർക്കാരിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി പ്രവർത്തിക്കുന്ന അവസരങ്ങളിൽ പല പദ്ധതികൾക്കും ഉപഭോക്താക്കളെ കിട്ടാതെ വരുന്ന സാഹചര്യമാണുള്ളതെന്നും പട്ടികജാതി വിഭാഗത്തിന് അധികമായി നൽകിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങുന്നതിനായി സമയം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ ഇൻ-ചാർജ് ചൂണ്ടിക്കാട്ടുകയുണ്ടായി. മുൻവർഷം വരെ 100% ഉണ്ടായിരുന്ന സബ്സിഡി ഈ വർഷം 50% ആയി ചുരുക്കി എന്ന വസ്തുത ഉപഭോക്താക്കൾ അംഗീകരിക്കുന്നില്ലെന്നും അദ്ദേഹം വെളിപ്പെടുത്തി. എന്നാൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടവരാണ് ഉദ്യോഗസ്ഥരെന്നും അതിനു വിരുദ്ധമായി പ്രവൃത്തിക്കേണ്ടതില്ലെന്നും സമിതി വ്യക്തമാക്കുകയുണ്ടായി. എസ്.സി./എസ്.ടി. ഫണ്ട് ചെലവഴിക്കാതെ പോകുമെന്ന വസ്തുത കണക്കിലെടുത്താണ് ഇപ്രകാരം ചെയ്തതെന്നും സർക്കാർ സാധൂകരണത്തിന് സമയം നൽകണമെന്നും ഡയറക്ടർ-ഇൻ-ചാർജ് അഭ്യർത്ഥിച്ചു. ഈ വിഷയത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ സർക്കാരിന്റെ അനുമതി തേടി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ അധിക വിവരം ചുവടെ ചേർക്കുന്നു:

31. ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം 9-3-2015-ൽ ഗ്രാമപഞ്ചായത്തിൽ പ്രാദേശിക പരിശോധന നടത്തിയെങ്കിലും എം. ബുക്ക്, അനുബന്ധ ഫയലുകൾ എന്നിവ ലഭ്യമാക്കാൻ

അധികൃതർക്ക് സാധിച്ചില്ല. ആയതിനാൽ എസ്റ്റിമേറ്റിൽ അധികരിച്ച് പ്രവൃത്തി നടന്നിട്ടുണ്ടോയെന്നും ഷ്രിങ്കേജ് കുറവ് ചെയ്തിട്ടുണ്ടോയെന്നും സ്ഥിരീകരിച്ചിട്ടില്ലാത്തതാണ്. അനുബന്ധ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

32. സർക്കാർ സാധൂകരണം അഭ്യർത്ഥിച്ച് ഭരണ സമിതി 23-12-2014-ലെ കമ്മിറ്റിയിൽ 2(2) ആയി തീരുമാനമെടുത്തിട്ടുള്ളതും 29-5-2015 തീയതി സാധൂകരണത്തിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയത് 3-7-2015 തീയതി നടക്കുന്ന ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗത്തിൽ സാധൂകരണത്തിന് ശിപാർശക്കായി സമർപ്പിക്കുന്നതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

33. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ 9-3-2015-ൽ പ്രാദേശിക പരിശോധന നടത്തിയെങ്കിലും എം. ബുക്ക്, അനുബന്ധ ഫയലുകൾ എന്നിവ ലഭ്യമാക്കാൻ അധികൃതർക്ക് കഴിഞ്ഞില്ല. ആകയാൽ എസ്റ്റിമേറ്റിൽ അധികരിച്ച് പ്രവൃത്തി നടന്നിട്ടുണ്ടോയെന്നും ഷ്രിങ്കേജ് കുറവു ചെയ്തിട്ടുണ്ടോയെന്നും സ്ഥിരീകരിക്കാൻ കഴിഞ്ഞില്ല.

34. സർക്കാർ സാധൂകരണമഭ്യർത്ഥിച്ച് ഭരണസമിതി 23-12-2014-ൽ തീരുമാനമെടുത്തെങ്കിലും [തീരുമാന നമ്പർ 2 (2)] തുടർനടപടികൾ സ്വീകരിച്ചതിന്റെയും അനുകൂലതീരുമാനം സർക്കാരിൽ നിന്ന് ലഭിച്ചതിന്റെയും രേഖയില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

**35. എസ്റ്റിമേറ്റിൽ അധികരിച്ച് ഗുണഭോക്തൃ സമിതി പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ബില്ലിൽ 10% ഷ്രിങ്കേജ് കുറവു ചെയ്തിട്ടുണ്ടെന്നും ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനായി, സമിതി നിർദ്ദേശിച്ച പ്രകാരം എം.ബുക്കും അനുബന്ധ രേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാൻ പഞ്ചായത്തിന് സാധിക്കാത്തതിനാൽ എർത്ത് ഫില്ലിംഗിന് അധികം നൽകിയ ₹ 10,554 ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**36. അധിക സബ്സിഡി നൽകിയത് സംബന്ധിച്ച സർക്കാർ സാധൂകരണം ലഭിക്കാത്തതിനാൽ പ്രസ്തുത ഇനത്തിൽ അധികമായി നൽകിയ ₹ 15,608 നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

*ഓഡിറ്റ് ഖണ്ഡിക*

**മുണ്ടക്കയം ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|
| 1998-99 | വിവിധ മരാമത്ത് പ്രവൃത്തികൾ - | 37,920 |
| | മെറ്റീരിയൽസിന് അധിക വിലയും അനുവദനീയമായതിൽ കൂടുതൽ നിരക്കും (7593+3273+5872+5433+6775+8974) | |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ 3.5.4-ന് ശേഷം മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

37. 2008-ൽ ആർ. ആർ. നടപടിക്ക് നോട്ടീസ് നൽകിയശേഷം തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന്, കരാറുകാരൻ പഞ്ചായത്തിന് വിശദീകരണം നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ലെന്ന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചുവെങ്കിലും അധികതുക നൽകിയതിന്റെ സാംഗത്യം വ്യക്തമാക്കാൻ സമിതി ആവശ്യപ്പെട്ടതിന് പരാമർശ കാലയളവിൽ പ്രസ്തുത പ്രദേശങ്ങളിലൊന്നും തന്നെ ക്വാറികൾ ഇല്ലായിരുന്നുവെന്നും പീരുമേട്/എരുമേലി എന്നിവിടങ്ങളിൽ നിന്നുമാണ് പാറ കൊണ്ടുവന്നിരുന്നതെന്നും ബി.എൽ.ടി.സി. അംഗീകരിച്ച നിരക്കാണ് നൽകിയതെന്നും അഞ്ച് കിലോമീറ്റർ ചുറ്റളവിലെ മിനിമം ലീഡ് ആന്റ് ലിഫ്റ്റ് ആണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കണക്കാക്കിയതെന്നും എഞ്ചിനീയറുടെയും കോൺട്രാക്ടറുടെയും ഭാഗത്ത് നിന്നും വീഴ്ച ഇക്കാര്യത്തിൽ സംഭവിച്ചിട്ടില്ലെന്നും എസ്റ്റിമേറ്റിനെതിരായി ഒന്നും തന്നെ ചെയ്തിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ ഇൻ-ചാർജ് കൂട്ടിച്ചേർത്തു. ഈ വസ്തുതകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

38. കരാറുകാരൻ തൃപ്തികരമായി പ്രവൃത്തികൾ പൂർത്തീകരിച്ചതായി ഭരണസമിതി വിലയിരുത്തിയിട്ടുള്ളതും പ്രവൃത്തി സ്ഥലത്തിന് 5 കി.മീ. ചുറ്റളവിൽ ഇക്കാലയളവിൽ ക്രഷറുകളോ ക്വാറികളോ പ്രവർത്തിച്ചിട്ടില്ലായെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ഓഡിറ്റ് വേളയിൽ ഏകപക്ഷീയമായി നിർണ്ണയിച്ച നിരക്കുകളെ ആസ്പദമാക്കിയാണ് നിരാകരണം നടത്തിയതെന്നും ബന്ധപ്പെട്ട ജീവനക്കാർ വിരമിച്ചതിനാലും പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതിനാലും പരാമർശം ഒഴിവാക്കണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അപേക്ഷ (തീരുമാന നമ്പർ 10/16-1-2014) പരിഗണിക്കുകയും ലോക്കൽ ഫണ്ട് വിഭാഗം പരിശോധിച്ച് ബോധ്യപ്പെട്ട് അനുകൂല ശിപാർശ നൽകിയിട്ടുള്ളതുമാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

39. കരാറുകാരൻ തൃപ്തികരമായി പ്രവൃത്തികൾ പൂർത്തീകരിച്ചതായി ഭരണസമിതി വിലയിരുത്തിയിട്ടുണ്ട്. പ്രവൃത്തി സ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിൽ ഇക്കാലയളവിൽ ക്രഷറുകളോ ക്വാറികളോ പ്രവർത്തിച്ചിരുന്നില്ലായെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഓഡിറ്റ് വേളയിൽ ഏകപക്ഷീയമായി നിർണ്ണയിച്ച നിരക്കുകളെ ആസ്പദമാക്കിയാണ് നിരാകരണം നടത്തിയതെന്നും ബന്ധപ്പെട്ട ജീവനക്കാർ വിരമിച്ചതിനാലും പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതിനാലും പരാമർശം ഒഴിവാക്കണമെന്ന അപേക്ഷ (തീരുമാന നമ്പർ X/16-1-2014) അംഗീകരിക്കാവുന്നതാണ്.

## നിഗമനങ്ങൾ/ശിപാർശകൾ

**40. കരാറുകാരൻ തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചതായുള്ള ഭരണസമിതിയുടെ വിലയിരുത്തലിന്റെയും ഓഡിറ്റ് വേളയിൽ ഏകപക്ഷീയമായി നിർണ്ണയിച്ച നിരക്കുകളെ ആസ്പദമാക്കിയാണ് നിരാകരണം എന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഇടുക്കി ജില്ല

*ഓഡിറ്റ് ഖണ്ഡിക*

### രാജാക്കാട് ഗ്രാമപഞ്ചായത്ത്

കുടിവെള്ള പദ്ധതിക്ക് അധിക ചെലവ് :

(2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 29)

1999-2000-ൽ ജനകീയാസൂത്രണ പദ്ധതിയിൽ അംഗീകാരം ലഭിച്ച ചേലച്ചുവട് കുടിവെള്ള പദ്ധതിയ്ക്ക് മൂല്യനിർണ്ണയത്തേക്കാൾ അധിക തുക നൽകിയതായി കാണുന്നു. അധിക ചെലവ് സാധൂകരിച്ചിട്ടില്ല. അതിനാൽ 88,626 രൂപ നിരാകരിക്കുന്നു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.6.4.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. പ്രവൃത്തി പൂർത്തീകരിച്ച ശേഷവും ഗുണഭോക്തൃ വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് തുക ചെലവഴിക്കുകയാണുണ്ടായതെന്നും ആയതിന്റെ സാധൂകരണത്തിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം അടിയന്തരമായി സ്വീകരിക്കുവാനും ഇല്ലാത്ത പക്ഷം അധികമായി നൽകിയ തുക ഈടാക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുന്നതാണെന്നും ഉദ്യോഗസ്ഥരെ സമിതി അറിയിച്ചു.

42. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്ന് ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

43. സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായ വിവരം നാളിതുവരെ അറിയിച്ചിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

**44. കുടിവെള്ള പദ്ധതിക്ക് മൂല്യനിർണ്ണയത്തിനേക്കാൾ അധിക തുക നൽകിയതിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
2017 മേയ് 15.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

779/2017.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2 | പാറത്തോട് ഗ്രാമപഞ്ചായത്ത് | മുൻ സെക്രട്ടറി പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്യുകയോ പണാപഹരണം നടത്തുകയോ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ലാത്തതിനാലും പരാമർശ റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാലും മേൽ നടപടികൾ എടുക്കേണ്ടതില്ല എന്ന സർക്കാർ തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 6 | കുമരകം ഗ്രാമപഞ്ചായത്ത് | പ്രസ്തുത പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്തിന് ഇതുമൂലം നഷ്ടമുണ്ടായിട്ടില്ല എന്നുമുള്ള ഭരണസമിതിയുടെ ഉറപ്പിന്മേലും പ്രവൃത്തികളുടെ ഗുണഭോക്തൃ സമിതികൾ പിരിച്ചുവിട്ടതിനാലും 3 കൺവീനർമാർ മരണപ്പെട്ടതിനാലും ധനവിനിമയം കഴിഞ്ഞ് 17 വർഷങ്ങളാകയാലും തുക തിരികെ ഈടാക്കാൻ നിയമതടസ്സമുണ്ടെന്നും അതിനാൽ തടസ്സം ഒഴിവാക്കണമെന്ന ഭരണസമിതിയുടെ അഭ്യർത്ഥന അംഗീകരിക്കാമെന്നും പരാമർശിത റോഡ് നിർമ്മാണ പ്രവൃത്തികൾ ബി.എൽ.ടി.സി. അംഗീകരിച്ച എസ്റ്റിമേറ്റ് അനുസരിച്ചാണ് നടന്നതെന്നും പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ തുടർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 8 | അകലക്കുന്നം ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന ഗുണഭോക്തൃ വിഹിതം പ്ലാൻ ഫണ്ടിലേക്ക് വകമാറ്റിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് വകുപ്പിനെ ബോധിപ്പിച്ചതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 16 | തിടനാട് ഗ്രാമപഞ്ചായത്ത് | നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് നൽകിയ അഡ്വാൻസ് എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 2010-11-ൽ പൂർണ്ണമായും നടപ്പിലാക്കിയ പദ്ധതിയുടെ മൂല്യനിർണ്ണയം നടത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തതാണ് പ്രസ്തുത പരാമർശത്തിനിടയാക്കിയതെന്നും ഇതിനു കാരണം പ്രവൃത്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തുവാൻ എഞ്ചിനീയർ വിസമ്മതിച്ചതിനാലാണെന്നും ഓഡിറ്റ് പരാമർശ വിധേയമായിട്ടും ആയതിന് പ്രാമുഖ്യം നൽകാത്ത പ്രസ്തുത ഉദ്യോഗസ്ഥന്റെ നടപടി ഗുരുതരമായ കൃത്യവിലോപമാണെന്നും സമിതി നിരീക്ഷിക്കുന്നു. ഉത്തരവാദിയായ മേൽ ഉദ്യോഗസ്ഥനിൽ നിന്നും ഇത് സംബന്ധിച്ച വിശദീകരണം ആരായണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | 17 | | 2010-11-ൽ കമ്മീഷൻ ചെയ്ത പ്രസ്തുത പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാലും ധനദുർവിനിയോഗം നടന്നിട്ടില്ലെന്നും ഭരണസമിതിയും കൺവീനറും മാറിയതുമൂലം സംഭവിച്ച അപാകതകളും കാലതാമസവും മാപ്പാക്കണമെന്നുള്ള ഭരണ സമിതിയുടെ അപേക്ഷ പരിഗണിച്ച് അനുകൂല ശിപാർശ നൽകാമെന്നുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | 18 | | മരാമത്ത് പണികൾ-അനുവദനീയമായതിൽ കൂടുതൽ മെറ്റീരിയൽസ് ഉപയോഗിക്കൽ എന്ന ഓഡിറ്റ് പരാമർശവിധേയമായ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബിറ്റുമിന്റെ ബില്ലുകൾ പൂർണ്ണമായി ഫയലിൽ ഉൾപ്പെടുത്താതിരുന്നത് സംബന്ധിച്ച വിശദീകരണം എഞ്ചിനീയർ മരണപ്പെട്ടതിനാൽ തേടാനായില്ല എന്നും ആയതു മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല എന്നതും കണക്കിലെടുത്തും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 19 | | പ്രോജക്ടിനു വിരുദ്ധമായി വനിതാ സ്വയംസഹായ സംഘങ്ങൾക്ക് സബ്സിഡി നൽകി എന്ന ഓഡിറ്റ് പരാമർശം, പദ്ധതിയുടെ ആരംഭകാലത്തെ പരിശീലന പോരായ്മകളും ആസൂത്രണ പിഴവും കാരണമാണ് പദ്ധതിക്ക് വിരുദ്ധമായി സബ്സിഡി നൽകേണ്ടിവന്നതെന്നും, പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചെങ്കിലും നിലവിൽ ടി സംഘങ്ങൾ മികവുറ്റ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നും അവയുടെ സ്വയംപര്യാപ്തതയും ധനാഗമന മാർഗ്ഗങ്ങളും വർദ്ധിച്ചിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 22 | ഞീഴൂർ ഗ്രാമപഞ്ചായത്ത് | മരാമത്ത് പ്രവൃത്തിയുടെ മൂല്യത്തിലധികമായി കൺവീനർക്ക് തുക നൽകി എന്ന ഓഡിറ്റ് പരാമർശ വിധേയമായ അഞ്ച് പ്രവൃത്തികൾ മുഖേന പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലെന്നും, ചില സാങ്കേതിക കാരണങ്ങളാലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങാൻ സാധിക്കാത്തതെന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുത്തിട്ടുണ്ടെന്നും ബി.എൽ.ടി.സി.യുടെ അംഗീകാരം വാങ്ങിയിരുന്നില്ല എന്ന സാങ്കേതിക തടസ്സം മാത്രമേ ഉള്ളൂ എന്നുമുള്ള ഞീഴൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 23 | | ചട്ട വിരുദ്ധമായി അപ്രന്റീസ് എഞ്ചിനീയർക്ക് വേതനം നൽകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തിന്മേൽ, എഞ്ചിനീയറുടെ സേവനം തൃപ്തികരമാണ് എന്ന് പഞ്ചായത്ത് സമിതിക്ക് ബോധ്യപ്പെട്ടതിനാലാണ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഭാവത്തിൽ ടിയാളുടെ സേവനം പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി പ്രയോജനപ്പെടുത്തിയതെന്നുള്ള പഞ്ചായത്ത് മുൻ സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമായതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ തുടർ റിപ്പോർട്ട് പരിഗണിച്ചും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 26 | തലനാട് ഗ്രാമപഞ്ചായത്ത് | ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ അധികമായി കൈപ്പറ്റിയ ₹ 11,924 പലിശയടക്കം ₹ 12,520 മുൻ സെക്രട്ടറിയിൽ നിന്നും RR നടപടികളിലൂടെ ഈടാക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 27 | | മരാമത്ത് പ്രവൃത്തികളുടെ എഞ്ചിനീയറിംഗ് ഫീസിനത്തിൽ നൽകിയ അധിക തുകയായ ₹ 11,814 പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | 35 | തലയോലപ്പറമ്പ് | എസ്റ്റിമേറ്റിൽ അധികരിച്ച് ഗുണഭോക്തൃ സമിതി പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ബില്ലിൽ 10% ഷ്രിങ്കേജ് കുറവ് ചെയ്തിട്ടുണ്ടെന്നും ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനായി, സമിതി നിർദ്ദേശിച്ച പ്രകാരം എം.ബുക്കും അനുബന്ധ രേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാൻ പഞ്ചായത്തിന് സാധിക്കാത്തതിനാൽ എർത്ത് ഫില്ലിംഗിന് അധികം നൽകിയ ₹ 10,554 ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 36 | | അധിക സബ്സിഡി നൽകിയത് സംബന്ധിച്ച സർക്കാർ സാധൂകരണം ലഭിക്കാത്തതിനാൽ പ്രസ്തുത ഇനത്തിൽ അധികമായി നൽകിയ ₹ 15,608 നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 40 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | കരാറുകാരൻ തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചതായുള്ള ഭരണ സമിതിയുടെ വിലയിരുത്തലിന്റെയും ഓഡിറ്റ് വേളയിൽ ഏകപക്ഷീയമായി നിർണ്ണയിച്ച നിരക്കുകളെ ആസ്പദമാക്കിയാണ് നിരാകരണം എന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 44 | രാജാക്കാട് ഗ്രാമപഞ്ചായത്ത് | കുടിവെള്ള പദ്ധതിക്ക് മൂല്യനിർണ്ണയത്തിനേക്കാൾ അധിക തുക നൽകിയതിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിക്കുന്ന പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക

<table>
<tr><th>സമാഹൃത ഓഡിറ്റ് വർഷം</th><th>ആഡിറ്റ് ഖണ്ഡിക നം</th><th>ആഡിറ്റ് പരാമർശ വിഷയം</th><th>ആഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി</th></tr>
<tr><td>1003-04</td><td>3.5.5</td><td>പാറത്തോട്<br><table>
<tr><th>ഓഡിറ്റ് വർഷം</th><th>പരാമർശം</th><th>തുക</th></tr>
<tr><td>1998-99</td><td>മരാമത്തു പണികളുടെ നേരിട്ടുള്ള നിർവ്വഹണം</td><td>118868</td></tr>
</table></td><td>പാറത്തോട് ഗ്രാമ പഞ്ചായത്തിന്റെ 30-03-1998 ലെ XII-ാം നമ്പർ തീരുമാന പ്രകാരം ഫണ്ട് ലാപ്സാകാതെ പരമാവധി ഫണ്ട് ചെലവഴിക്കുന്നതിലേക്കായി ഓവർസീയർ നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പേയ്മെന്റ് നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും ഗ്രാമ പഞ്ചായത്തിന്റെ 18-06-2011 ലെ II-ാം നമ്പർ തീരുമാന പ്രകാരം ചുമതലപ്പെടുത്തിയ സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീമതി. പി.റ്റി. ഫിലോമിന പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്യുകയോ പണാപഹരണം നടത്തുകയോ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ലാത്തതും.<br>1. വെളിച്ചിയാനി - പാലപ്രറോഡ് ടാറിംഗ്<br>2. പൊടിമറ്റം - ആനക്കല്ല് റോഡ്<br>3. പിറ്റടി - ആനത്താനം കോളനി റോഡ്<br>വെളിച്ചിയാനി - സെന്റ് തോമസ് റോഡ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടതിനാലും മുൻ സെക്രട്ടറി ശ്രീമതി. പി.റ്റി. ഫിലോമിനയ്ക്കെതിരായ നടപടികൾ തുടരേണ്ടതില്ല എന്ന് 22-06-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം പാറത്തോട് ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീമതി. പി.റ്റി. ഫിലോമിനയ്ക്കെതിരെ ആരംഭിച്ച മേൽ നടപടികൾ തുടരേണ്ടതില്ലെന്ന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് സർക്കാരിന്റെ 01-09-11-ലെ 39196/എബി1/11/തസ്വഭവ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.</td></tr>
</table>

<table>
<tr><td></td><td></td><td></td><td></td></tr>
<tr><td>2003-04</td><td></td><td>
<u>കുഴമ്മരം</u>
<table>
<tr><th>ഓഡിറ്റ് വർഷം</th><th>പരാമർശം</th><th>തുക</th></tr>
<tr><td>1998-99</td><td>മരാമത്തു പണികളുടെ നേരിട്ടുള്ള നിർവ്വഹണം</td><td>118868</td></tr>
<tr><td></td><td>1. പൊതുമരാമത്തു വേലകൾ</td><td>35109</td></tr>
<tr><td></td><td>2. അധിക നിരക്ക്</td><td>10010</td></tr>
</table>
</td><td>1. വേലകളുടെ കൺവീനർമാർക്ക് 05.12.2014ലെ എ1-6141/എ നമ്പർ കത്ത് പ്രകാരം ആർ.ആർ.നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.<br>2. വേലകളുടെ കൺവീനർമാർക്ക് 05.12.2014ലെ എ1-6141/എ നമ്പർ കത്ത് പ്രകാരം ആർ.ആർ.നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>2003-04</td><td></td><td>
<u>അകലക്കുന്നം</u>
<table>
<tr><th>ഓഡിറ്റ് വർഷം</th><th>പരാമർശം</th><th>തുക</th></tr>
<tr><td>2000-01</td><td>ഗുണഭോക്തൃ വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ അടച്ച തുക ടി.സി. ചെയ്യാതെ കാറ്റഗറി ബി. ഫണ്ട് വകമാറ്റി ചെലവഴിച്ചു</td><td>77500</td></tr>
</table>
</td><td>വിവിധ പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതമായി ലഭിച്ച തുക ഉൾപ്പെടെ 128010/- രൂപ 02-09-2002-ലും 27750/- രൂപ 26-10-2002-ലും 13875/- രൂപ 26-03-2003-ലും ജനറൽ പി.ഡി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ അടച്ച തുക ജനറൽ പി.ഡി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതാണ്. ടി വിവരം പ്രാദേശിക പരിശോധനയിൽ പരിഹരിക്കുന്നതാണെന്ന് കോട്ടയം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധന നാളിതുവരെ നടത്തിയിട്ടില്ലാത്തതാണ്.</td></tr>
<tr><td>2003-04</td><td></td><td>
<u>തിടനാട്</u>
<table>
<tr><th>ഓഡിറ്റ് വർഷം</th><th>പരാമർശം</th><th>തുക</th></tr>
<tr><td>1999-2000</td><td>1. നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് നൽകിയ അഡ്വാൻസ്</td><td>50000</td></tr>
<tr><td></td><td>2. മരാമത്ത് പണികൾ - അനുവദനീയ മായതിൽ കൂടുതൽ മെറ്റീരിയൽസ് ഉപയോഗിക്കൽ</td><td>10369</td></tr>
<tr><td></td><td>3. വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി - പ്രോജക്ടിനു വിരുദ്ധമായി നൽകിയത്</td><td>24000</td></tr>
</table>
</td><td>1. മാടമല കുടിവെള്ള പദ്ധതി നടത്തിപ്പിനായി നിശ്ചിത സ്ഥലത്ത് 6" ന്റെ കുഴൽ കിണർ നിർമ്മിക്കുകയും കിണറിനോട് ചേർന്ന് തന്നെ 25000/- രൂപ മുടക്കി പവർ ഹൗസും നിർമ്മിച്ച് ആകെ 57,000/ രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളതാകുന്നു. ആയത് സംബന്ധിച്ച് വാല്യുവേഷൻ നൽകുന്നതിന് ബന്ധപ്പെട്ട അസി. എഞ്ചിനീയറോട് ആവശ്യപ്പെട്ടപ്പോൾ നിരവധി മാസങ്ങൾ കഴിഞ്ഞതിനാൽ കാലഹരണദോഷം ആരോപിച്ച് വാല്യുവേഷൻ സാക്ഷ്യപത്രം നിരസിച്ചിട്ടുള്ളതുമാണ്.<br><br>2. മരാമത്ത് പണികൾക്ക് അനുവദനീയമായതിലും അധിക തുക മെറ്റീരിയൽസ് ഉപയോഗിക്കുന്നതിന് വിനിയോഗിച്ചത് ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കൂടുതൽ തുക ഉപയോഗിക്കേണ്ടി വന്നത് പ്രാരംഭകാല ആസൂത്രണ പിഴവുമൂലം സാധനസാമഗ്രികൾ കൂടുതലായി ഉപയോഗിക്കേണ്ടി വന്നതു മൂലവും</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>മെറ്റീരിയൽസിന്റെ വില നിലവാരങ്ങളിൽ ക്രമാതീതമായ വർദ്ധനവ് വന്നതുമൂലമാണ്.<br><br>3. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് 4000/- രൂപ പ്രകാരം 24000/- രൂപ സബ്സിഡി നൽകിയത് പ്രാരംഭഘട്ടമായതിനാൽ സംഘങ്ങളുടെ നിക്ഷേപ പ്രാപ്തി പരിമിതമായതിനാലും നിക്ഷേപ തുകയും സബ്സിഡിയും ചേർത്ത് ഗൃഹോപകരണങ്ങൾ വാങ്ങി ഇൻസ്റ്റാൾമെന്റായി വീടുകളിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി സംഘങ്ങൾ നിലവിൽ വളരെ മികവുറ്റ രീതിയിൽ പ്രവർത്തിച്ചു വരികയും അവരുടെ സ്വയം പര്യാപ്തതയും ധനാഗമമാർഗ്ഗങ്ങളും വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി വിഭാവനം ചെയ്തിരുന്നത് പ്രകാരം സബ്സിഡി നൽകുന്നതിന് കഴിയാതെ വന്നിട്ടുള്ളത്. ആരംഭകാലത്തെ പരിശീലന പോരായ്മകളും ആസൂത്രണ പിഴവും മൂലമാണ്.</td>
</tr>
<tr>
<td></td>
<td>2003-04</td>
<td>ഞീഴൂർ
<table>
<tr><th>ഓഡിറ്റ് വർഷം</th><th>പരാമർശം</th><th>തുക</th></tr>
<tr><td>2000-01</td><td>മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തിയുടെ മൂല്യത്തിലധികമായി കൺവീനർക്ക് നൽകിയ തുക (13167+17854+5465+16090+4277)</td><td>56853</td></tr>
<tr><td>2000-01</td><td>പട്ടവിരുദ്ധമായി അപ്രന്റീസ് എഞ്ചിനീയർക്ക് നൽകിയ വേതനം</td><td>26880</td></tr>
</table>
</td>
<td>1. മുട്ടക്കുഴി തിരുവമ്പാടി റോഡ് ടാറ്, അമ്പലംപടി പാറേപ്പുറമ്പ് റോഡ്, മാന്താറ്റുകുന്ന്- വാളനില റോഡ് ടാറിംഗ്, കാഞ്ഞിരക്കാട്ട് കുടിവെള്ള പദ്ധതി, മുതുകളം റോഡ് സൈഡ്കെട്ട് എന്നീ പ്രവൃത്തികൾക്ക് ബന്ധപ്പെട്ട കൺവീനർമാരായ ജോസ്പോൾ കുര്യാസ്, പി.കെ. ശ്രീധരൻ, പുറങ്ങനായിൽ, ഷാജി തോമസ്, ഇരുമ്പുവെട്ടിയാനിക്കൽ, എ ഫലിപ്പ്, വള്ളീനായിൽ, എം. നാരായണൻ നായർ, ബാലഭവൻ എന്നിവരിൽ നിന്നും അധികരിച്ച നൽകിയ തുകകൾ ഈടാക്കുന്നതിന് ആർ.ആർ നോട്ടീസ് നൽകിയിട്ടുള്ളതാണ്. തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>2. GO(MS) 268/97/LAD dtd. 10/12/1997 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു 1998-99 കാലയളവിലേക്ക് അപ്രന്റീസ് എഞ്ചിനീയറെ നിയമിച്ചിരുന്നത്. ടിയാൻ പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ടയാളായിരുന്നതിനാൽ, ടിയാന്റെ സേവനം നിമിത്തം പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനത്തിൽ വളരെ നല്ല പുരോഗതിയുണ്ടായിരുന്നു. ടി സമയത്ത് മരാമത്ത് വേലകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്</td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>സാധിച്ചതിനാലും, ടിയാന്റെ പ്രവർത്തനം പഞ്ചായത്ത് കമ്മിറ്റിക്ക് തൃപ്തികരമായതിനാലുമാണ് തുടർന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഭാവത്തിൽ ടിയാന്റെ സേവനം പ്രയോജനപ്പെടുത്തിയത്. ഇതുമൂലം പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വളരെ മെച്ചപ്പെടുന്നതിന് ഇടയായിട്ടുണ്ട്. അതുകൊണ്ട് ടിയാന്റെ സേവനം തുടർന്നതു മൂലം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ല എന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമ ബോധ്യമുള്ളതിനാൽ ടി പരാമർശം ഒഴിവാക്കിത്തരുന്നതിന് ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയോടും ബഹു. കേരള സർക്കാരിനോടും അപേക്ഷിച്ചു കൊണ്ട് 10/12/2014-ലെ പഞ്ചായത്ത് കമ്മിറ്റി 11(1)-ാം നമ്പർ തീരുമാനം എടുത്തിട്ടുള്ളതാണ്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.</td>
</tr>
<tr>
<td>2003-04</td>
<td></td>
<td><u>തലനാട്</u><br><table><tr><th>ഓഡിറ്റ് വർഷം</th><th>പരാമർശം</th><th>തുക</th></tr><tr><td>1999-2000</td><td>1. ശമ്പള പരിഷ്കരണ കുടിശ്ശിക (ഒരേ കാലയളവിലേത്) രണ്ടു തവണ പിൻവലിച്ചി</td><td>11924</td></tr><tr><td>1999-2000</td><td>2. എഞ്ചിനീയറിംഗ് ഫീ അധികം നൽകിയത്</td><td>11814</td></tr></table></td>
<td>1. അധികം തുകയായി കൈപ്പറ്റിയ 11924/ രൂപ പലിശയടക്കം 12520/ രൂപ ശ്രീ. പി.സി. ജോസഫ്, മുൻ സെക്രട്ടറി (റിട്ട.), തലനാട് ഗ്രാമ പഞ്ചായത്ത് എന്നയാളിൽ നിന്നും ആർ.ആർ നടപടികളിലൂടെ തഹസീൽദാർ മീനച്ചിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ 20-10-2006-ൽ 899/57 നമ്പർ രസീതായി ഒടുക്കിയിട്ടുള്ളതാണെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.<br><br>2. 1997-98, 1998-99 വർഷങ്ങളിൽ നടത്തിയ മരാമത്തു പ്രവൃത്തികളുടെ എഞ്ചിനീയറിംഗ് ഫീസിനത്തിൽ നൽകിയ അധിക തുകയായ 11814/- രൂപ ശ്രീ. റ്റി. ഡാനിയൽ, മുൻ ഓവർസീയർ, ഈരാറ്റുപേട്ട പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് എന്നയാളിൽ നിന്നും 28-04-2008 തീയതിയിലെ 397/31 രസീതായി പഞ്ചായത്തു ഫണ്ടിൽ ഒടുക്കിയിട്ടുള്ളതാണ്.</td>
</tr>
<tr>
<td>2003-04</td>
<td></td>
<td><u>തലയോലപ്പറമ്പ്</u><br><table><tr><th>ഓഡിറ്റ് വർഷം</th><th>പരാമർശം</th><th>തുക</th></tr><tr><td>1999-2000</td><td>1. എർത്ത് ഫില്ലിംഗിന് അധിക നിരക്ക് നൽകിയത്</td><td>10554</td></tr><tr><td></td><td>2. കർഷകർക്ക് വളം വിതരണം -</td><td>15608</td></tr></table></td>
<td>1. നാദം - പഴംപെട്ടി റോഡ് പുനരുദ്ധാരണ വേളയിൽ എർത്ത് ഫില്ലിംഗിന് ഷ്രിംകേജ് കണക്കാക്കാതെ വന്നതുമൂലം 10554/- രൂപാ അധികമായി കൈപ്പറ്റിയത് സംബന്ധിച്ച് ടി പ്രവൃത്തിയുടെ കൺവീനറായ ശ്രീ. മോഹനൻ, ചാലുവേലിൽ, വടയാർ എന്നയാൾക്ക് 12-12-2007 ലും അപ്രന്റീസ് എഞ്ചിനീയർക്ക് 5-01-2008-ലും നോട്ടീസ് നൽകിയിരുന്നു. ആയതിന്</td>
</tr>
</table>

അധിക സബ്സിഡി

അളവു പ്രകാരമുള്ള തുക മാത്രമേ കൈപ്പറ്റിയിട്ടുള്ളു എന്ന് കൺവീനർ മറുപടി നൽകിയിരുന്നു. എഞ്ചിനീയറുടെ മറുപടി ഒന്നും ലഭ്യമായിട്ടില്ല. പഞ്ചായത്തിന് പ്രത്യേക എഞ്ചിനീയറിംഗ് വിംങ് ഇല്ലാതിരുന്ന അക്കാലത്ത് പഞ്ചായത്ത് താൽക്കാലികമായി നിയമിച്ചിരുന്ന അപ്രന്റീസ് എഞ്ചിനീയർ പഞ്ചായത്തുമായ കരാർ ഉടമ്പടി വെച്ചിരുന്നതായും കാണുന്നില്ല. തുടർന്ന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു.

ടി വേലയുടെ ബിൽ മാറി നൽകിയത് സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. ജി. ദാസൻ എന്നയാളായിരുന്നു. ടിയാൻ തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും ഗ്രാറ്റുവിറ്റി ലഭിച്ചിട്ടുള്ളതുമാണ്.

2. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ആഫീസർക്ക് 7-07-2008-ൽ നോട്ടീസ് നൽകിയിരുന്നു. ടിയാൻ 12-08-2008-ൽ മറുപടി നൽകിയിട്ടുള്ളതിൽ പട്ടികജാതി നെൽകൃഷിക്കാർക്ക് വളം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടിന് ബി.എൽ.ഇ.സി. ഡി.പി.സി എന്നീ സമിതികളുടെ അംഗീകാരം ലഭിച്ചിട്ടുള്ളതും നടപ്പിലാക്കിയ വിവരം ജീവനക്കാർ നേരിൽ കണ്ട് ബോധ്യപ്പെട്ടുമാണ് ചെയ്തിട്ടുള്ളത്. വളം വാങ്ങുന്നതിനുള്ള പെർമിറ്റ് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനാണ് നൽകിയിരുന്നത്. കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന ഡിപ്പാർട്ടുമെന്റ് ഫണ്ട് പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതി നടപ്പാക്കിയിരുന്നപ്പോൾ വളത്തിന് 100% സബ്സിഡി നൽകിയിരുന്നു എന്നും ആയതിനാൽ ഗവൺമെന്റിൽ നിന്നും പ്രത്യേകാനുമതി വാങ്ങി ടിയാന്റെ ബാധ്യത ഒഴിവാക്കണമെന്നും അറിയിച്ചിരുന്നു. എന്നാൽ പിന്നീട് യാതൊരു നടപടിയും പഞ്ചായത്തു സ്വീകരിച്ചിട്ടില്ലാത്തതാകുന്നു.

മാങ്കയം

| ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|
| 1998-99 | വിവിധ മരാമത്ത് പ്രവൃത്തികൾ | 37920 |

പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കരാർ വ്യവസ്ഥയിൽ ചെയ്ത ആഡിറ്റ് പരാമർശത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ മെറ്റീരിയൽസിന് അധിക വിലയും അനുവദനീയമായതിലും കൂടുതൽ നിരക്കും കൈപ്പറ്റിയ കോൺട്രാക്ടർ ശ്രീ. പി. എൻ. അനിൽകുമാർ

| | | | | | |
|---|---|---|---|---|---|
| | | | മെറ്റീരിയൽസിന് അധിക വിലയും അനുവദനീയമായതിൽ കൂടുതൽ നിരക്കും (7593+3273+5872+5433+6775+8974) | | അധികമായി കൈപ്പറ്റിയ 37920 രൂപ (7593+3273+5872 +5433+6775+8974) തിരിച്ചടക്കണമെന്ന് കാണിച്ച് 9/11/2007 തീയതിയിൽ എ1-707/07 നമ്പരായി നോട്ടീസ് നൽകിയിരുന്നു. ടി നോട്ടീസിന് 12/11/2007-ൽ അനിൽകുമാർ നൽകിയ മറുപടിയിൽ ടി നഷ്ടത്തിന് ടിയാൾ ഉത്തരവാദിയല്ല എന്ന് അറിയിക്കുകയുണ്ടായി. തുടർന്ന് 28/02/2008 ൽ ടിയാൾക്ക് ആർ.ആർ നോട്ടീസ് അയച്ചു. തുടർന്ന് ടിയാളുടെ മറുപടി പരിഗണിച്ച 16/01/2014-ലെ പഞ്ചായത്ത് കമ്മറ്റി X-൧൦ നമ്പരായി എടുത്ത തീരുമാനത്തിൽ കോൺട്രാക്ടർ പ്രസ്തുത പ്രവർത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതായി വിലയിരുത്തുകയും പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ച നിരക്കും അളവും അനുസരിച്ച് കൈപ്പറ്റിയ തുക ആഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അധികം വന്നതാകയാലും അന്നത്തെ സാങ്കേതിക വിഭാഗം ജീവനക്കാർ സേവനത്തിൽ നിന്ന് വിരമിച്ച് പോയതിനാലും മേൽ ആഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുള്ളതുമാണ്. |

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003 – 04 സമാഹൃത റിപ്പോർട്ടിന്മേൽ ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാപരിഹാര നടപടി പത്രിക

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമനം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| 1 | 2003 – 04 | 3:6:4 | <u>രാജാക്കാട് ഗ്രാമപഞ്ചായത്ത്:-</u> 1999–2000–ൽ ജനകീയാസൂത്രണ പദ്ധതിയിൽ അംഗീകാരം ലഭിച്ച ചേലചുവട് കുടിവെള്ള പദ്ധതിക്ക് മൂല്യനിർണ്ണയത്തേക്കാൾ അധിക തുക നൽകിയതായി കാണുന്നു. അധിക ചെലവ് സാധൂകരിച്ചിട്ടില്ല. അതിനാൽ 88,626/– രൂപ നിരാകരിക്കുന്നു. | രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 17/03/2005–ലെ 6(2) നമ്പർ തീരുമാന പ്രകാരം 19/04/2005–ൽ എ.76/03 നമ്പർ കത്തു പ്രകാരം സർക്കാർ സാധൂകരണത്തിന് അയച്ചിട്ടുണ്ട്. ആയതിൻമേൽ അനുകൂല ഉത്തരവ് ഉണ്ടാകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 02/08/2007–ലെ എച്ച്6– 19870/05 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.